KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

**21.05.2009**

## എച്ച്ഐവി നിയന്ത്രണം:തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പരിശീലനം ഇന്നു മുതൽ

എറണാകുളം: തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന്റെ ഭാഗമായി ജില്ലയിൽ ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഇന്ന് (മേയ് 22) മുതൽ പരിശീലനം നൽകുന്നു. എച്ച്ഐവി ബോധവത്കരണ, പ്രതിരോധ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ഏറ്റെടുക്കുന്നതിനായി ഇവരെ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായാണ് പരിശീലനം.

പഞ്ചായത്തുകളിലെ ജനപ്രതിനിധികളെ കൂടാതെ സെക്രട്ടറിമാർ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ, കുടുംബശ്രീയുടെ സി.ഡി.എസ് ചെയർപേഴ്സൺ തുടങ്ങിയവരും പരിശീലനപരിപാടിയിൽ സംബന്ധിക്കും.

ജില്ലയുടെ വിവിധ കേന്ദ്രങ്ങളിലായാണ് പരിശീലനം സംഘടിപ്പിക്കുന്നത്. ഇന്നു തുടങ്ങുന്ന പരിശീലനം ജൂൺ മൂന്നിനു സമാപിക്കും. ഇന്ന് വൈപ്പിൻ ബ്ളോക്ക് പഞ്ചായത്ത് ഹാൾ, 23ന് ആലുവ മുനിസിപ്പൽ കോൺഫറൻസ് ഹാൾ, 26ന് കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് ഹാൾ, 27ന് ആലങ്കാട് ബ്ളോക്ക് പഞ്ചായത്ത് ഹാൾ, 28ന് വൈറ്റില ബ്ളോക്ക് പഞ്ചായത്ത് ഹാൾ, 29ന് വടവുക്കോട് പഞ്ചായത്ത് ഹാൾ, 30ന് പാമ്പുക്കട ബ്ളോക്ക് പഞ്ചായത്ത് ഹാൾ, ജൂൺ ര  ിനു മുവാറ്റുപ്പുഴ ബ്ളോക്ക് പഞ്ചായത്ത് ഹാൾ, മൂന്നിന് അങ്കമാലി ബ്ളോക്ക് പഞ്ചായത്ത് എന്നിങ്ങനെയാണ് പരിശീലനപരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലുള്ളവർക്കു പരിശീലനം നൽകുന്നത് കിലയിലെ ഫാക്കൽറ്റി അംഗങ്ങളാണ്. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നേരത്തെ ഇവർക്കു പരിശീലനം നൽകിയിരുന്നു. കാസർഗോഡ്, തൃശൂർ, പാലക്കാട് എന്നീ ജില്ലകളിലെ ജനപ്രതിനിധികൾക്കും ഇതോടൊപ്പം പരിശീലനം നൽകുന്നു  ്.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**